നം.1009/2021/ഐ.കെ.എ

ഇൻഫർമേഷൻ കേരള മിഷൻ
റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം – 695 003

**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**
**സാന്നിദ്ധ്യം ചന്ദ്രശേഖർ എസ് ഐ എ എസ്**
**സംഗ്രഹം**

വിഷയം- ഇൻഫർമേഷൻ കേരള മിഷൻ - കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - ലോക്ക് ഡൗൺ ഇളവുകൾ അനുസരിച്ച് – ഐ.കെ.എം ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

Human Resource (Establishment Division)

നമ്പർ.369/ഇ1/2021/ഐ.കെ.എം തീയതി 16.06.2021

---

പരാമർശം:- 15.06.2021 ലെ G.O(Rt)No.467/2021/DMD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

മേൽ സൂചനയിലെ ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ലോക്ക് ഡൗൺ ഇളവുകൾ അനുസരിച്ച് സർക്കാർ ഓഫീസുകളിൽ 17.06.2021 മുതൽ പരിമിത എണ്ണം ജീവനക്കാരെ ഉൾപ്പെടുത്തി റൊട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തനം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ, സാധാരണ ഓഫീസ് ജോലികൾക്ക് തടസ്സം വരാത്ത രീതിയിൽ ഇനിയൊരു സർക്കാർ നിർദേശം വരുന്നതുവരെ ഐ. കെ. എം ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഉത്തരവിനോടനുബന്ധിച്ചുള്ള ഡ്യൂട്ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ പ്രസ്തുത ഡ്യൂട്ടി ലിസ്റ്റ് പ്രകാരം കൃത്യമായും ഓഫീസിൽ ഹാജരാകേണ്ടതും, ഹാജരാകാത്തപക്ഷം ലീവായി കണക്കാക്കുന്നതുമാണ്.
2. ഓഫീസിൽ ഹാജരാകേണ്ടാത്ത ദിവസങ്ങളിൽ ജീവനക്കാർ വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ ജോലി ചെയ്യേണ്ടതാണ്.
3. അത്യാവശ്യ ഘട്ടങ്ങളിൽ വകുപ്പ് മേധാവി / ടീം ലീഡർമാർ ആവശ്യപ്പെടുന്നപക്ഷം ജീവനക്കാർ ഓഫീസിൽ ഹാജരായി ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.

4. ജീവനക്കാർ ഓഫീസിൽ നിർബ്ബന്ധമായും മാസ്ക് ധരിക്കേണ്ടതും, സാമൂഹിക അകലം പാലിക്കേണ്ടതുമാണ്.

ചന്ദ്രശേഖർ എസ് ഐഎഎസ്

എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ ജീവനക്കാർക്കും

പകർപ്പ്

എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം

എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ

കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ